# Week - 2

# Are you out of Jerusalem? – Danger is inevitable

***യെറുശലേമിന് പുറത്തോ? അപകടം സുനിശ്ചിതം***

***(ലൂക്കോ:10:30)***



സുരക്ഷാമുന്നറിയിപ്പുകൾ തരുന്ന ബോർഡുകൾ റോഡുകളിലും , വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ബോട്ടിംഗ് സ്വിമ്മിംഗ് ഇവയ്ക്കായി ആളുകൾ എത്തുന്നിടത്തും കാണാം. മുന്നറിയിപ്പുകൾ തരുന്നത് നാം അനുസരിക്കണംഎന്ന ആഗ്രഹത്തോടെയാണ്. അനുസരിക്കാത്തവർക്ക് അപകടം സംഭവിക്കുകയും ചെയ്യുന്നു.

ക്രിസ്തീയ ജീവിതത്തിൽ നാം പാലിക്കേണ്ട ജീവിതചര്യയെ സംബന്ധിച്ച് യഹോവ നമുക്ക് തന്ന മാർഗ്ഗനിർദ്ദേശമാണ് ദൈവവചനം . വചനം നൽകുന്ന സുരക്ഷാ നിർദ്ദേശങ്ങൾക്ക് ഉദാഹരണമാണ് (1) പത്തുകല്പനകൾ (2) നമുക്കു മുൻപ് നടക്കുവാൻ നമ്മുടെ വഴിയിലയയ്ക്കുന്ന ദൂതൻ.

Read പുറ: (20:2-17, 23:20-22)

നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചാൽ നാം സുരക്ഷാവലയത്തിലായിരിക്കും. സുരക്ഷാനിർദ്ദേശം അനുസരിക്കുന്നവർ ലോകദൃഷ്ടിയിൽ ഭോഷൻമാരാണ്. എന്നാൽ വിശ്വസ്തനായ ദൈവത്തിന്റെ ദൃഷ്ടിയിൽ അവർ എന്നും ശ്രേഷ്ടൻമാർ ആണ്.

സുരക്ഷാരേഖ ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നത് സാത്താന്യ സ്വഭാവമുള്ളവരാണ്. അവർ യഥാർത്ഥ സുഹൃത്തുക്കളല്ല എന്ന് കുഞ്ഞുങ്ങൾ തിരിച്ചറിയണം. ന്യായശാസ്ത്രിയ്ക്ക് യേശു നൽകുന്ന മറുപടി ശ്രദ്ധേയമാണ്. (ലൂക്കോ10:30-37)

യേശു ഒരു ഉപമയായി ഈ ഭാഗത്തു സംസാരിക്കുമ്പോഴും അതിൽ ഒരു താക്കീതുണ്ട്. □യെറുശലേം വിട്ട് പുറത്തുപോകരുതെന്ന്□ . ദൈവസാന്നിദ്ധ്യം നഷ്ടമാകുമ്പോൾ സ്വർഗീയ കാവൽ നഷ്ടമാകുകയും ദുഷ്ടന്റെ ഉപദ്രവം ഏല്ക്കുകയും ചെയ്യേണ്ടതായി വരുന്നു. യെറുശലേമിൽ നിന്ന് യെരിഹോവിലേക്ക് പുറപ്പെട്ട ഒരുവൻ തന്റെ യാത്രയിൽ കള്ളൻമാരുടെ കയ്യിലകപ്പെട്ടു . അവന്റെ മൂന്ന് അവസ്ഥകൾ ലൂക്കോ:10:30ൽ കാണാം.യെറുശലേമിന് പുറത്ത് ജീവൻ അപകടത്തിലാണ്. കൂടെയുണ്ടെന്ന് കരുതിയവർ കണ്ടും കാണാതെയും ഉപേക്ഷിച്ച് പോകുമ്പോഴും അടുക്കൽ വന്ന് സഹായിക്കുന്ന ഒരു സഹായിയുണ്ട്.

യെറുശലേമിന്റെ പുറത്ത് നമ്മെ ഇറക്കുവാൻ ശ്രമിക്കുന്നത് കള്ളനാണ്. കള്ളനാരാണെന്നും അവന്റെ പ്രവർത്തിയെപ്പറ്റിയും യോഹ:10:1-5 വരെയുള്ള ഭാഗം വ്യക്തമാക്കുന്നു. ഒന്ന് വീണ് നമസ്ക്കരിക്കുക എന്ന തന്ത്രം പഴയനിയമത്തിലും  പുതിയ നിയമത്തിലും കാണാം.

Read ദാനി:3:17-26, ലൂക്കോ:4:8

യേശു പിശാചിനോട് ഉത്തരം പറഞ്ഞതുപോലെ എബ്രായബാലൻമാരും ധൈര്യമായി രാജകല്പന ലംഘിച്ചു.ദൈവത്തിലുള്ള ഉറച്ച വിശ്വാസമാണ് വിശ്വസ്തരായി യെറുശലേമിൽ നില്പാൻ അവരെ പ്രേരിപ്പിച്ചത്. പർവ്വതങ്ങൾ യെറുശലേമിനെ ചുറ്റി സംരക്ഷിച്ചതുപോലെ ആ തീയുടെ ചൂട് ഏഴ് മടങ്ങാക്കിയപ്പോഴും വിശ്വസ്തരായി നിന്നവർ ആ തീയിൽ ദൈവസാന്നിദ്ധ്യം അനുഭവിച്ചു. ഇതുപോലെ നമുക്കും പ്രലോഭനങ്ങളിൽ വീഴാതെ വിശ്വാസവും വിശ്വസ്തതയുമുള്ളവരായി യെറുശലേമിൽ പാർക്കാം. കല്പന പുറപ്പെടുവിച്ച രാജാവ് ഒരു നല്ല സാക്ഷിയായി മാറിയതുപോലെ (ദാനി:3:28-29)യെറുശലേമിൽ പാർക്കുന്ന നമ്മുടെ വിശ്വാസവും വിശ്വസ്തതയും അനേകരെ യെറുശലേമിന്റെ നന്മയിലേക്ക് എത്തിക്കുന്നതാകണം.

പ്രിയ ദൈവമക്കളേ ! ദൈവം നമ്മെ ആക്കിയിരിക്കുന്ന സ്ഥാനത്ത് അവൻ തന്ന നന്മകൾ അനുഭവിച്ച് സന്തോഷമുള്ളവരായി ജീവിപ്പാൻ ദൈവം സഹായിക്കട്ടെ.

ശാന്തമ്മ വർഗ്ഗീസ്
**Santhamma Varghese**
biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg